21102512

QP CODE: 21102512

Reg No : .....

Name : .....

UNDER GRADUATE (CBCS) EXAMINATIONS, OCTOBER 2021

First Semester

Common Course - ML1CCT05 - MALAYALAM- KATHAYUM KAVITHAYUM

Common for all Model I B.Com Degree Programmes

2017 Admission Onwards

CCA2E994

Time: 3 Hours Max. Marks : 80

Part A

Answer any ten questions.
Each question carries 2 marks.

1. ഡൽഹി എന്ന കഥയിൽ പ്രത്യക്ഷമാകുന്ന 'പ്രാവ്' എന്തിനെയാണ് പ്രതീകവൽക്കരിക്കുന്നത്?
2. 'കായികക്ലേശമാണോ സന്ന്യാസത്തിന്റെ ആരംഭം?' കഥാനായകൻ ഇങ്ങനെ ചിന്തിക്കാനുള്ള കാരണമെന്ത്?
3. കടിക്കുന്ന അമ്മച്ചിയും കൊച്ചുമകൾ ആൻസിയും വ്യത്യസ്തരാകുന്നത് എങ്ങനെ?
4. 'കുട്ടികൾ മുതിർന്നവരിൽനിന്ന് - പ്രത്യേകിച്ചൊരു ഡോക്ടറിൽനിന്ന് അറിവുകേട് പ്രതീക്ഷിക്കുന്നില്ല' - പ്രസ്താവം വിശദമാക്കുക.
5. ഇത്തിരി സദാചാരസുഗതമന്ത്രങ്ങളെ
നെയ്ത്തിരികളാക്കി നിഴൽ നിർന്നിദ്രമോതുന്നു - എന്താണ് നിഴൽ ഓതിയത്?
6. രൂപ-ഗന്ധ-വർണ്ണരഹിതമായ മരണം വിളക്കുകൊളുത്തൂ എന്ന കവിതയിൽ ആവിഷ്കരിക്കുന്നതെങ്ങനെ?
7. നയിച്ചവനെ നായകനെന്നു വിളിച്ച നാക്ക്
അർദ്ധോക്തിയിൽ നിറുത്തി
നിങ്ങൾ വിളിച്ചു - എന്താണ് വിളിച്ചത്?വിവക്ഷിതം എന്ത്?
8. ഒടുക്കം എങ്ങും പടർന്നുപരന്ന്
കനംതൂങ്ങിനിന്നത് ശോകംമാത്രം - ആശയം വ്യക്തമാക്കുക.
9. വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ

പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു -ആരാണ് ഇപ്രകാരം ചെയ്യത്? സന്ദർഭം ഏത്?

10. ആധുനികത - കുറിപ്പെഴുതുക.

11. ഉത്തരാധുനികത - കുറിപ്പെഴുതുക

12. അയ്യപ്പപ്പണിക്കരുടെ പ്രധാന കൃതികൾ പരിചയപ്പെടുത്തുക.

(10×2=20)

Part B

Answer any six questions.

Each question carries 5 marks.

13. 'അടുക്കള കോകിലയെ തിന്നുകഴിഞ്ഞിരിക്കുന്നു' പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.

14. മറുപിറവി എന്ന കഥയുടെ ആഖ്യാനസ്വഭാവം പരിശോധിക്കുക.

15. മകൾക്കും രണ്ടാം ഭാര്യയ്ക്കുമിടയിൽ ജീവിതം അസ്വസ്ഥതപ്പെടുന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥ ചേക്ക എന്ന കഥയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ?

16. 'മൃത്യുവിന്റെ മണം' ക്ലിനിക്കലി എക്സ്പയേഡ് എന്ന കഥയിൽ ആവിഷ്കൃതമാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

17. ആത്യന്തികമായ മോചനം എന്ന ലക്ഷ്യത്തെ ഇടശ്ശേരി ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയെന്ന് പരിശോധിക്കുക.

18. അടിയന്തിരാവസ്ഥക്കാലത്തിന്റെ അടയാളപ്പെടുത്തലാണ് കടുക്ക എന്ന കവിത - വിശകലനം ചെയ്യുക.

19. മിതത്വമാണ് കവിതയുടെ സൌന്ദര്യം - ശിലകളെ പൂവുകളാക്കുവാൻ എന്ന കവിതയെ മുൻനിർത്തി വിശകലനം ചെയ്യുക.

20. 'തീച്ചാമുണ്ഡി' എന്ന ശീർഷകം ആദ്യന്തം കഥയുടെ ഭാവതലത്തെ നിർണയിക്കുന്നു - വിലയിരുത്തുക.

21. തീച്ചാമുണ്ഡിയിലെ സൂസന്ന, താര എന്നീ കഥാപാത്രങ്ങളെ താരതമ്യം ചെയ്യുക.

(6×5=30)

Part C

Answer any two questions.

Each question carries 15 marks.

22. ഇറ്റാർസിയിലേക്കു തിരികെ പോകുന്ന വണ്ടി എന്ന കഥ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ ചർച്ചചെയ്യുക.

23. അഷ്ടമുടിക്കായലിന്റെ ഒഴുക്കിനു സമാന്തരമായി നീങ്ങുന്ന കായലോര ഗ്രാമജീവിതത്തിന്റെ ആവിഷ്കാരമാണ് ഇഷ്ടമുടിക്കായൽ - വിലയിരുത്തുക.

24. ഉത്തരാധുനിക മലയാള ചെറുകഥയിലെ സ്ത്രീപക്ഷരചനകളുടെ സ്വഭാവം സാമാന്യമായി വിലയിരുത്തുക.

25. ദൽഹി 1981, കടുക്ക എന്നീ രചനകൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ - സാമൂഹിക പശ്ചാത്തലം വിലയിരുത്തുക.

(2×15=30)